
അക്ഷരച്ചെപ്പ്

# ഉള്ളടക്കം


- എന്റെ വിദ്യാലയം
- സന്ദേശം
- സുന്ദരം ഈ വിദ്യാലയം
- ഉറുമ്പുറുമ്പ്
- പഴഞ്ചൊല്ലുകൾ
- കഥ
- എന്റെ വയൽ
- മയക്കുമരുന്നുകൾ

പുത്തൻ ഭാവിക്കു ഭീഷണി

നന്ദി

# സന്ദേശം



- കൊല്ലം ജില്ലയിലെ താടിക്കാട് എന്ന കൊച്ചു ഗ്രാമത്തിലാണ് എ കെ എം എച്ച് എസ് എന്ന വിദ്യാഭയസ സ്ഥാപനം ,1952 ൽ ശ്രീ അബ്ദുൽ ഖാദർ സാറിന്റെ പരിശ്രമത്തിലൂടെയും നിയമ പോരാട്ടത്തിലൂടെയും ആണ് ഈ സ്കൂൾ സ്ഥാപിച്ചത് വിദ്യാഭ്യാസ രംഗത്ത് മികവോടെ മുന്നേറികൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിൽ കേരളം സർക്കാർ നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ ഹൈടെക് വിദ്യാലയ പദ്ധതിയിൽ വിദ്യാർത്ഥികളെ കൂടി പങ്കാരികളാകുന്ന ലിറ്റൽ കൈറ്റ്സ് എന്ന ഐടി കൂട്ടായ്മ പുറത്തിറക്കുന്ന മാഗസിൻ അക്ഷരച്ചെപ്പിനു എല്ലാ ആശംസകളും നേരുന്നു ...

ലീലാമണിയമ്മ കെ വി

ഹെഡ്മിസ്ട്രസ് എ കെ എം എച്ച് എസ് തടിക്കാട്

# എന്റെ വിദ്യാലയം

ഗ്രാമ ഭംഗി നിറഞ്ഞു തുളുമ്പുന്ന ഒരു കൊച്ചു ഗ്രാമത്തിലാണ് എന്റെ വിദ്യാലയം .നാനാമതസ്ഥരും ഇഴുകി ചേർന്ന് ഒന്നായ് ഒഴുകികൊണ്ടിരുന്ന ഒരു നദിയാണ് എന്റെ വിദ്യാലയം .കാഴ്ച്ചയിൽ പച്ചപ്പിന്റെ സൗന്ദര്യം .വിദ്യാർത്ഥികളും അധ്യാപകരും പരാപരം സ്നേഹിച്ചു കഴിയുന്ന ഒരു കുടുംബമാണ് എന്റെ വിദ്യ





# സുന്ദരം ഈ വിദ്യാലയം










# എന്റെ ഗ്രാമം



പുഞ്ചിരി നിറയും എൻ ഗ്രാമം
പൊന്കതിർ വിളയും നെൽപ്പാടം
ഇടയിൽ പനിനീർ ഒഴുകും പോലെ
തെളിനീരിന്റെ കുത്തിച്ചോട്ടം
നന്മകൾ നിറയും എൻ ഗ്രാമം
സ്നേഹം ചൊരിയും എൻ ഗ്രാമം
പൂക്കൾ വിരിയും എൻ ഗ്രാമം
പുഞ്ചിരി നിറയും എൻ ഗ്രാമം



# ഉറുമ്പുറുമ്പ്

ഉറുമ്പുറുമ്പ് കട്ടുറുമ്പ്
കാതുകുത്താൻ പോയപ്പോൾ
അവിടന്നും കിട്ടി നാഴിയരി
ഇവിടുന്നും കിട്ടി നാഴിയരി
അരിവെക്കാൻ വിറകില്ല
വിറകിനായ് കാട്ടിൽപ്പോയ്
കാട്ടിലൊരു വള്ളിയുണ്ട്
വള്ളിയിൽത്തട്ടി തട്ടുപുട്ട തട്ടുപുട്ട



# പഴഞ്ചൊല്ലുകൾ

- അടി തെറ്റിയാൽ ആനയും വീഴും
- അണ്ണാൻ കുഞ്ഞും തന്നാലായത്
- ഇരിക്കും മുമ്പേ കാൽ നീട്ടരുത്
- മുഖം മനസിന്റെ കണ്ണാടി
- മടിയന്മാർ മലച്ചുമക്കും
- ഒത്തു പിടിച്ചാൽ മലയും പോരും
- ഒരുമതന്നെ പെരുമ
- ഉള്ളത് കൊണ്ട് ഓണം പോലെ
- നാളെ നാളെ നീളെ നീളെ



# കഥ

പുഴ കഥയെഴുതാൻ തുടങ്ങി വിവരമറിഞ്ഞപ്പോൾ കാറ്റിനു ഉത്സാഹമായി.പുഴയുടെ കഥയിൽ തനിക്കും ഒരിടം കിട്ടിയേക്കാം .പുഴയിലേക്ക് വളർന്നിറങ്ങിയ കണ്ടൽകാടിനോടും അവിടെ മുട്ടയിടാനെത്തിയ മീനുകളോടും കാറ്റ് വിശേഷം പങ്കുവെച്ചു അവർക്കും സന്തോഷമായി തങ്ങളും കഥയിൽ ഇടം നേടിയേക്കാം .പറഞ്ഞു പറഞ്ഞു വിവരമറിഞ്ഞ മണൽതിട്ടക്കും ആവേശം വന്നു .താനും ഈ കഥയിൽ ഒരു ഭാഗമായത് തന്നെ ചൊരിമണലിൽ കഥയെഴുതി .എഴുതി എഴുതി നീങ്ങവെ പാവം

## കവിത

# എന്റെ വയൽ




സ്വർണം പൂശിയ നെൽപ്പാടങ്ങൾ
വയലിനരികിൽ നിൽക്കുമ്പോൾ
കളകളമെഴുകുന്ന അരുവികളും
അതിനൊപ്പം നീന്തുന്ന മീനുകളും
കതിർമണികൊയ്യുന്ന കൊയ്ത്തുകാരും
കൊയ്ത്ത് കഴിഞ്ഞെത്തുന്ന പക്ഷികളും
കാറ്റിന് പാട്ടിനു കാതോർത്തിടാം പൂക്കളുമുള്ളൊരു
വയലുകളും

# മയക്കുമരുന്നുകൾ

# പുത്തൻ ഭാവിക്കു ഭീഷണി

നീരാളി എന്ന കടൽ ജീവിയുടെ പിടിയിലകപ്പെട്ടു പോയാൽ പിന്നെ രക്ഷപ്പെടുക അസാധ്യമാണ് .അത് പോലെയാണ് മയക്കുമരുന്നിന്റെ ലഹരി .ഭാവിയെപ്പറ്റി പ്രത്യാശ നിറഞ്ഞുകൊണ്ടിരിക്കേണ്ട യുവ ഹൃദയങ്ങളിൽ അത് നൈരാശ്യബോധം വിതച്ചു കൊണ്ട് അവരെ ഇരുണ്ട ലോകത്തിലേക്ക് നയിക്കുന്നു .മയക്കുമരുന്നുകൾ ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞാൽ വീണ്ടും ഉപയോഗിക്കണമെന്ന താല്പര്യം ജനിക്കുകയും അതൊരു ശീലമാവുകയും ചെയ്യുന്നു .




എന്റെ ഹൃദയം നിറഞ്ഞ
നന്ദി
YourQuote.in